# KERALA POLICE INFORMATION CENTRE

No.19/PR/PIC/PHQ/10 Date : 01/03/10

## ഇന്ത്യാ റിസര്‍വ്വ് ബറ്റാലിയന്‍ കമാന്‍ഡോ വിംഗിലേക്കുള്ള എന്‍ഡ്യൂറന്‍സ് ടെസ്റ്റ് മാറ്റിവച്ചു

വിവിധ സംഘടനകള്‍ പ്രഖ്യാപിച്ചിരിക്കുന്ന വാഹന പണിമുടക്കുകാരണം ഉദ്യോഗാര്‍ത്ഥികള്‍ക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകള്‍ പരിഗണിച്ച് മാര്‍ച്ച് 2, 3 തീയതികളില്‍ നടത്താന്‍ നിശ്ചയിച്ചിരുന്ന ഇന്ത്യാ റിസര്‍വ്വ് ബറ്റാലിയന്‍ കമാന്‍ഡോ വിഭാഗത്തിലേക്കുള്ള ഉദ്യോഗാര്‍ത്ഥികളുടെ എന്‍ഡ്യൂറന്‍സ് ടെസ്റ്റ് മാറ്റിവച്ചിരിക്കുന്നു. മാര്‍ച്ച് 2 ന് നടത്താന്‍ നിശ്ചയിച്ചിരുന്ന ടെസ്റ്റ് മാര്‍ച്ച് 5 ലേക്കും, മാര്‍ച്ച് 3 ന് നടത്താന്‍ നിശ്ചയിച്ചിരുന്ന ടെസ്റ്റ് മാര്‍ച്ച് 6 ലേക്കുമാണ് മാറ്റിയിട്ടുള്ളത്. മാര്‍ച്ച് 2, 3 തീയതികളില്‍ പരീക്ഷയ്ക്കായി ഹാജരാകേണ്ട ഉദ്യോഗാര്‍ത്ഥികള്‍ ഡൗണ്‍ലോഡ് ചെയ്തെടുത്ത അഡ്മിഷന്‍ ടിക്കറ്റുകള്‍ സഹിതം മാറ്റിവച്ച തീയതികളില്‍, മാറ്റിവച്ച ദിവസം ഹാജരാകേണ്ടിയിരുന്ന സമയത്ത് (രാവിലെ 6 മണി, വൈകുന്നേരം 4 മണി) ഹാജരായാല്‍ മതിയാകുന്നതാണ്. മറ്റ് തീയതികളില്‍ നടത്താന്‍ നിശ്ചയിച്ചിട്ടുള്ള പരീക്ഷകള്‍ക്ക് യാതൊരു മാറ്റവും ഇല്ല.

The contents of this document may be deemed to be based on received information which is subject to further verification